**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6614** **21-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കേണ്ട സ്ഥിതിയിൽ ഭൂവിലയുടെ 25% തുക കേരളം നൽകണമെന്ന വ്യവസ്ഥ എൻ.എച്ച്. എ.ഐ. നൽകിയിട്ടുണ്ടോ; ഏതൊക്കെ റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയിട്ടുള്ളത്; | (എ) | ദേശീയപാത 66 വീതികൂട്ടലിന് 1190.67 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. കേരളത്തിൽ ഭൂമി ഏറ്റെടുക്കലിനായി ചെലവാക്കേണ്ടി വരുന്ന തുക മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിരുന്നു. രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ പ്രവർത്തനം നിശ്ചലമായ സാഹചര്യം ഉണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാറുമായി നടത്തിയ നിരന്തര ആശയവിനിമയത്തിന് ഒടുവിൽ ദേശീയപാത66 ന്റെ വികസന പ്രവർത്തനത്തിന് സമ്മതം അറിയിക്കുകയായിരുന്നു. കേരളത്തിൽ ഭൂമി ഏറ്റെടുക്കലിനുള്ള വിഹിതം സംസ്ഥാനം കൂടി നിർവഹിക്കണമെന്ന് നിർദ്ദേശിച്ചു. ഇതേ തുടർന്നാണ് ദേശീയപാത66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കുവാൻ തയ്യാറാണെന്ന വിവരം ദേശീയപാത അതോറിറ്റിയെ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകുകയും, ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുത്തതിന്റെ സംസ്ഥാന വിഹിതമായി |

| | | | |
|---|---|---|---|
| | | | ആകെ 5580,73,80,071/- രൂപ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഒപ്പ് വച്ച ത്രികക്ഷി കരാറിന്റെ പരിധി NH 85 (തേനി-കൊച്ചി), പാലക്കാട് - കോഴിക്കോട്, തിരുവനന്തപുരം - അങ്കമാലി ഗ്രീൻഫീൽഡ് അലൈൻമെന്റുകൾ എന്നിവയ്ക്ക് കൂടി ബാധകമാക്കുന്നതിനും സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എൻ.എച്ച്. 66 ന്റെ വികസനത്തിനായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വന്നത്; ഇത്രയും വസ്തുവിന് വില നൽകുന്നതിനായി കേരളം എത്ര രൂപയാണ് എൻ.എച്ച്. എ.ഐ. യ്ക്ക് കൈമാറിയത്; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവില സർക്കാർ നൽകണമെന്ന നിർദ്ദേശം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; ഇതിന് എന്ത് മറുപടിയാണ് കേന്ദ്ര സർക്കാർ നൽകിയതെന്ന് വ്യക്തമാക്കുമോ; കേരളം നൽകിയിട്ടുള്ള തുക തിരികെ നൽകാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ സംസ്ഥാന വിഹിതം നൽകുന്നത് ഇനിയുള്ള പദ്ധതികൾക്ക് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയത്തിൽ കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന്റെ തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ